## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 21

28.05.2019-ൽ മറുപടി നൽകേണ്ടത്.

### ഓഫീസുകളിൽ ജീവനക്കാരുടെ കുട്ടികളുടെ സാന്നിധ്യം

**ചോദ്യം**
**ഡോ.എം.കെ.മുനീർ**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | |
|---|---|---|
| (എ) | ഓഫീസ് സമയത്ത് കുട്ടികളെ കൊണ്ടുവന്ന് ഓഫീസിന്റെ പ്രവർത്തന സമയം നഷ്ടപ്പെടുത്തുന്നതും ഓഫീസ് ഉപകരണങ്ങൾ ദുരുപയോഗം ചെയ്യുന്നതു തടയുന്നതുമായി ബന്ധപ്പെട്ട് ഈ വർഷം എന്തെങ്കിലും നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിരുന്നോ; | ഇല്ല |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച് 24.03.2018 ന് മനുഷ്യാവകാശ കമ്മീഷൻ HRMP 3057/2018 ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ അതിലെ നിർദ്ദേശങ്ങൾ എന്തെല്ലാം; | പുറപ്പെടുവിച്ചിരുന്നു; ഓഫീസ് സമയത്ത് ജീവനക്കാർ തങ്ങളുടെ കുട്ടികളെ ഓഫീസിൽ കൊണ്ടുവരുന്നതുമൂലം വിലയേറിയ ഓഫീസ് സമയം പാഴായി പോകുന്നുവെന്നും കൂടാതെ നമ്മുടെ ഭരണഘടന നിഷ്കർഷിക്കും പ്രകാരം കുട്ടികൾ അവരുടെ വളർച്ചാസമയത്ത് ആർജ്ജിക്കേണ്ടതായ മനുഷ്യത്വവികസനം, ശാസ്ത്രീയശീലം, അന്വേഷണ ബുദ്ധി എന്നിവ ജീവനക്കാരുടെ ഈ പ്രവർത്തി മൂലം സാധിക്കാതെ പോകുന്നുവെന്നുമുള്ള രണ്ടു പ്രധാന വിഷയങ്ങൾ ഉന്നയിച്ച റോയൽ കവടിയാർ പ്രൊട്ടക്ഷൻ ഫോറം പ്രസിഡന്റ് ശ്രീ.ഷെഫീൻ കവടിയാർ ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ 24.03.2018 തീയതിയിൽ ബഹു.കമ്മീഷൻ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൻ പ്രകാരം ഓഫീസ് സമയത്ത് ജീവനക്കാർ തങ്ങളുടെ കുട്ടികളെ ഓഫീസിൽ കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ച 30 ദിവസത്തിനുള്ളിൽ ബഹു. കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. |

| | | |
|---|---|---|
| (സി) | ഇക്കാര്യത്തിലെ ദുരുപയോഗം അമിതമാണെന്ന മനുഷ്യാവകാശ കമ്മീഷന്റെ കണ്ടെത്തലും തുടർന്നുള്ള നിർദ്ദേശവും സർക്കാർ ഗൗരവമായി കണ്ടിട്ടുണ്ടോ; 2019 ലെ പാർലമെന്റ് ഇലക്ഷൻ കഴിയുന്നത് വരെ ഇത് സംബന്ധമായ സർക്കുലർ ഇറക്കാതിരിക്കാൻ വകുപ്പുകൾക്ക് രേഖാമൂലമല്ലാത്ത എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ ഇത് സംബന്ധമായ റിപ്പോർട്ടുകളുടെ നിജസ്ഥിതി വെളിവാക്കുമോ; | ഇക്കാര്യത്തിലെ ദുരുപയോഗം അമിതമാണെന്ന മനുഷ്യാവകാശ കമ്മീഷന്റെ കണ്ടെത്തലും തുടർന്നുള്ള നിർദ്ദേശവും സർക്കാർ ഗൗരവമായി കണ്ടിട്ടുണ്ട്; ഈ വിഷയത്തിൽ എല്ലാ വകുപ്പുമേധാവികൾക്കും/ വകുപ്പ് അദ്ധ്യക്ഷൻമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് 18.05.2018 തീയതിയായി 112/എ.ആർ13(2)/18/ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് സഹിതം മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | സർക്കുലർ ഇറക്കിയാലും അത് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ മുൻകാലങ്ങളിൽ സാധാരണയായി ഏർപ്പെടുത്തിയിരുന്ന സംവിധാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് അതാത് വകുപ്പ് മേലധികാരികൾ/ വകുപ്പ് അദ്ധ്യക്ഷൻമാർ ഉറപ്പുവരുത്തണമെന്നും, നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി കൈക്കൊള്ളണമെന്ന നിർദ്ദേശത്തോടു കൂടിയാണ് എല്ലാ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഇ) | ഈ വിഷയത്തിൽ കഴിഞ്ഞ വർഷം മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശമുണ്ടായിട്ടും 2019 മേയ് മാസമായിട്ടും സർക്കുലർ ഇറക്കാതിരുന്ന വകുപ്പ് മേധാവികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും അച്ചടക്കനടപടി എടുത്തിരുന്നോ; ഇത്തരമൊരു നടപടി സംബന്ധിച്ച് കമ്മീഷന് ഉത്തരവിൽ പരാമർശമുണ്ടായിരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്; ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Deepa

**സെക്ഷൻ ഓഫീസർ**